# ALL INDIA RADIO THIRUVANANTHAPURAM

## ആകാശവാണി, തിരുവനന്തപുരം
## പ്രാദേശിക വാർത്തകൾ

**TIME: 12.30 PM** **DATE:18.09.2026**

### പ്രധാനവാർത്തകൾ

1. സംസ്ഥാന ധനമന്ത്രിമാരുടെ രണ്ടു ദിവസത്തെ സമ്മേളനം ഇന്ന് ന്യൂഡൽഹിയിൽ. കേന്ദ്ര ധനമന്ത്രി നിർമല സീതാരാമൻറെ അധ്യക്ഷതയിലാണ് യോഗം.

2. ഓപ്പറേഷൻ തൂഫാൻ ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി ആൻറി നാർകോട്ടിക്സ് ഇൻവെസ്റ്റിഗേഷൻ ടീമിന് രൂപം നൽകിയതായി ആഭ്യന്തര മന്ത്രി രമേശ് ചെന്നിത്തല.

3. മൂന്ന് ദിവസത്തെ 'റീഇമാജിനിങ് കേരളം' പരിപാടിക്ക് ഇന്ന് തിരുവനന്തപുരത്ത് സമാപനം.

4. സ്വച്ച് സാഗർ സുരക്ഷിത് സാഗർ കാമ്പെയ്ൻ്റെ ഭാഗമായി രാജ്യമെമ്പാടും നാളെ ബീച്ച് ശുചീകരണം നടക്കും. സംസ്ഥാനത്തും വിപുലമായ ശുചീകരണ യജ്ഞം.

5. ഓപ്പറേഷൻ ഡൊമിനോയിലൂടെ അന്തർ സംസ്ഥാന കൊക്കെയ്ൻ ശൃംഖലയെ തകർത്ത് നാർക്കോട്ടിക്സ് കൺട്രോൾ ബ്യൂറോ കൊച്ചി യൂണിറ്റ്.

RNU TVPM

**6. സംസ്ഥാനത്ത് മറ്റെന്നാൾ വരെ പരക്കെ മഴ തുടരുമെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. മൂന്ന് ജില്ലകളിലും ലക്ഷദ്വീപിലും ഇന്ന് മഞ്ഞ ജാഗ്രത.**

**ധനകാര്യമന്ത്രി-കോൺഫറൻസ്**

വികസിത ഭാരതം എന്ന ലക്ഷ്യത്തിലേക്കുള്ള ഇന്ത്യയുടെ യാത്രയ്ക്ക് ആവശ്യമായ ധനസമാഹരണത്തെ സംബന്ധിച്ച് ധനകാര്യ മന്ത്രാലയം സംഘടിപ്പിക്കുന്ന രണ്ടു ദിവസത്തെ സമ്മേളനത്തിന് ഇന്ന് ന്യൂഡൽഹിയിൽ തുടക്കമാകും. കേന്ദ്ര ധനമന്ത്രി നിർമല സീതാരാമൻ, വിവിധ സംസ്ഥാനങ്ങളിലെ മുഖ്യമന്ത്രിമാർ, ധനമന്ത്രിമാർ എന്നിവർ സമ്മേളനത്തിൽ പങ്കെടുക്കും. സംസ്ഥാനങ്ങളിലെയും കേന്ദ്രഭരണ പ്രദേശങ്ങളിലെയും ധനകാര്യ സെക്രട്ടറിമാരും സംബന്ധിക്കും

RNU TVPM

**രാജ് നാഥ് സിംഗ്**

രാജ്യരക്ഷാ മന്ത്രി രാജ് നാഥ് സിംഗ് ഇന്ന് കൊച്ചിയിലെത്തും. ജന്മഭൂമി ദിനപത്രത്തിൻറെ ത്രിദിന ദേശീയ കോൺക്ലേവ് അദ്ദേഹം എളമക്കരയിൽ ഉദ്ഘാടനം ചെയ്യും. കേന്ദ്രമന്ത്രിയുടെ സന്ദർശനത്തോടനുബന്ധിച്ച് കൊച്ചി നഗരത്തിൽ ഇന്ന് ഗതാഗത നിയന്ത്രണം ഏർപ്പെടുത്തിയിട്ടുണ്ട്.

**റീഇമാജിനിങ് കേരളം**

സംസ്ഥാന സർക്കാർ സംഘടിപ്പിക്കുന്ന മൂന്ന് ദിവസം നീളുന്ന 'റീഇമാജിനിങ് കേരളം' പരിപാടി ഇന്ന് സമാപിക്കും. വൈകുന്നേരം 4 മണിക്ക് തിരുവനന്തപുരം തൈക്കാട് നടക്കുന്ന ചടങ്ങിൽ മന്ത്രി കെ. മുരളീധരൻ സമാപന സന്ദേശം നൽകും. മന്ത്രി എം. ലിജു ഉൾപ്പെടെയുള്ള പ്രമുഖരും ചടങ്ങിൽ സംബന്ധിക്കും.

❁❁❁❁❁❁❁❁❁❁❁❁❁

**രമേശ് ചെന്നിത്തല - ഇൻട്രോ**

ഓപ്പറേഷൻ തൂഫാൻ ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി സംസ്ഥാനത്ത് ആൻറി നാർകോട്ടിക്സ് ഇൻവെസ്റ്റിഗേഷൻ ടീമിന് രൂപം നൽകിയതായി ആഭ്യന്തര മന്ത്രി രമേശ് ചെന്നിത്തല.

RNU TVPM

തിരുവനന്തപുരം, എറണാകുളം, കോഴിക്കോട്

യൂണിറ്റുകളായി ടീം പ്രവർത്തിക്കും. ഓപ്പറേഷൻ തൂഫാൻ നോഡൽ ഓഫീസറും നോർത്ത് റേഞ്ച് ഐ.ജിയുമായ

പുട്ട വിമലാദിത്യയാണ് ടീമിന്റെ തലവനെന്നും അദ്ദേഹം

തിരുവനന്തപുരത്ത് മാധ്യമങ്ങളോട് പറഞ്ഞു. ***(വോയ്സ്)***

❁❁❁❁❁❁❁❁❁❁❁❁❁

## ആൻറോ അഗസ്റ്റിൻ

അനധികൃത അളവിൽ മദ്യം ശേഖരിച്ച കേസിൽ അറസ്റ്റിലായ റിപ്പോർട്ടർ ചാനൽ മേധാവി ആൻ്റോ അഗസ്റ്റിന്റെ ജാമ്യ അപേക്ഷ സുൽത്താൻ ബത്തേരി ജുഡീഷ്യൽ ഫസ്റ്റ് ക്ലാസ് മജിസ്ട്രേറ്റ് കോടതി തള്ളി. അന്വേഷണത്തിൻറെ ഭാഗമായി ആൻ്റോ അഗസ്റ്റിനെ കസ്റ്റഡിയിൽ ലഭിക്കണമെന്ന് കോടതിയിൽ അപേക്ഷ നൽകിയിട്ടുണ്ട്. അപേക്ഷ കോടതി ഉടൻ പരിഗണിക്കും. ചാനൽ ഓഫീസിൽ നിന്ന് എക്സൈസ് സംഘം ഇന്നലെയാണ് അദ്ദേഹത്തെ അറസ്റ്റ് ചെയ്തത്.

RNU TVPM

## സ്വച്ഛ് സാഗർ - കൊച്ചി

അന്താരാഷ്ട്ര തിരദേശ ശുചീകരണ ദിനാചരണത്തോട് അനുബന്ധിച്ച് സ്വച്ഛ് സാഗർ സുരക്ഷിത് സാഗർ കാമ്പെയ്ൻ്റെ ഭാഗമായി നാളെ ബീച്ചുകളിൽ ശുചീകരണ യജ്ഞം നടക്കും. കൊച്ചി പുതുവൈപ്പിൻ ബീച്ചിൽ നടക്കുന്ന ശുചീകരണ പരിപാടികളിൽ ഗവർണർ രാജേന്ദ്ര വിശ്വനാഥ് ആർലേക്കർ, മുഖ്യമന്ത്രി വി ഡി സതീശൻ തുടങ്ങിയവർ പങ്കെടുക്കും.

## സ്വച്ഛ് സാഗർ(ഇൻട്രോ)

രാജ്യത്ത് ബീച്ച് ശുചികരണത്തിനായ് തിരഞ്ഞെടുത്ത 50 ബീച്ചുകളിൽ ഒന്നായ കണ്ണൂർ ജില്ലയിലെ മുഴപ്പിലങ്ങാട് ബീച്ചിൽ നാളെ ശുചീകരണ യജ്ഞവും ബോധവത്കരണ പരിപാടികളും സംഘടിപ്പിക്കും.

***വിശദാംശങ്ങളുമായി ആകാശവാണി കണ്ണൂർ ജില്ലാ പ്രതിനിധി കെ. ഓ.ശശിധരൻ......***

***(വോയിസ്)***

❁❁❁❁❁❁❁❁❁❁❁❁❁

## സേവ സങ്കല്പ്

പ്രധാനമന്ത്രി നരേന്ദ്ര മോദി ഭരണ നേതൃത്വത്തിൽ 25 വർഷം പൂർത്തിയാക്കുന്നതിൻറെ ഭാഗമായി രാജ്യമെമ്പാടും ഒരു മാസം നീളുന്ന സേവാ സങ്കൽപ് അഭിയാന് ഇന്നു മുതൽ തുടക്കമായി. 'ജനസേവനത്തിലൂടെ രാഷ്ട്രസേവനം' എന്ന ആശയം മുൻനിർത്തി 2047-ഓടെ 'വികസിത ഭാരതം' കൈവരിക്കാനുള്ള പരിശ്രമങ്ങൾ അനാവരണം ചെയ്യുകയാണ് പരിപാടിയുടെ ലക്ഷ്യം.

❁❁❁❁❁❁❁❁❁❁❁❁❁

## സി പി ഐ എം സെക്രട്ടേറിയേറ്റ്

സിപിഐഎം-ൻറെ വിപുലീകരിച്ച സംസ്ഥാന സെക്രട്ടറിയേറ്റ് ആദ്യ യോഗം ഇന്ന് ചേരും. തിരുവനന്തപുരം എ കെ ജി സെൻ്ററിലാണ്

RNUTVPM

യോഗം. വിപുലീകൃത സംസ്ഥാന കമ്മിറ്റിയുടെ തീരുമാനപ്രകാരമുള്ള തെറ്റുതിരുത്തൽ നടപടികളാണ് യോഗത്തിന്റെ പ്രധാന ചർച്ചാ വിഷയം.

❁❁❁❁❁❁❁❁❁❁❁❁❁

## ഗതാഗത നിരോധനം

ടാറിംങ് പ്രവർത്തനങ്ങൾ നടക്കുന്നതിനാൽ കോട്ടയം മണർകാട് ഓൾഡ് കെ.കെ റോഡിൽ ഇന്ന് മുതൽ ഗതാഗതം നിരോധിച്ചു. ടാറിംഗ് പൂർത്തിയാകുന്നത് വരെ നിരോധനം തുടരും.

❁❁❁❁❁❁❁❁❁❁❁❁❁

## റോസ്ഗർ മേള

ഇരുപതാമത് റോസ്ഗർ മേളയുടെ ഭാഗമായി നാളെ രാജ്യത്തുടനീളമുള്ള 45 സ്ഥലങ്ങളിൽ പരിപാടികൾ നടക്കും. 51,000-ത്തിലധികം ഉദ്യോഗാർത്ഥികൾക്ക് നിയമന കത്തുകൾ വിതരണം ചെയ്യും.

❁❁❁❁❁❁❁❁❁❁❁❁❁

## ഓപ്പറേഷൻ ഡൊമിനോ

കേരളത്തെയും ബംഗളൂരുവിനെയും ബന്ധിപ്പിച്ച് പ്രവർത്തിച്ചിരുന്ന അന്തർ സംസ്ഥാന കൊക്കെയ്ൻ കടത്ത് ശൃംഖല നാർക്കോട്ടിക്സ് കൺട്രോൾ ബ്യൂറോ കൊച്ചി സോണൽ യൂണിറ്റ് തകർത്തു. 'ഓപ്പറേഷൻ ഡൊമിനോ'

RNU TVPM

എന്ന പേരിൽ നടത്തിയ അന്വേഷണത്തിൽ രണ്ടു വിദേശികളടക്കം 7 പേരാണ് അറസ്റ്റിലായത്. വിപണിയിൽ ഏകദേശം 16.55 ലക്ഷം രൂപ വിലമതിക്കുന്ന 33.1 ഗ്രാം കൊക്കെയ്ൻ, സംഘത്തിൽ നിന്ന് പിടിച്ചെടുത്തു.

**എംഡിഎംഎ**

മലപ്പുറത്ത് കോളേജ് അധ്യാപകൻ ഉൾപ്പെടെ നാലുപേർ എംഡിഎംഎ കേസിൽ അറസ്റ്റിൽ. മമ്പാട് എംഇഎസ് കോളേജിലെ ഗസ്റ്റ് അധ്യാപകൻ സുഹൈൽ, റീന, വിവേക്, സുബ്രഹ്മണ്യൻ എന്നിവരാണ് പിടിയിലായത്. അറസ്റ്റിലായ സുഹൈൽ മൂന്നുവർഷമായി ഗസ്റ്റ് അധ്യാപകനാണ്.

RNU TVPM

**മഴ-കേരളം**

സംസ്ഥാനത്ത് മറ്റെന്നാൾ വരെ പരക്കെ മഴ തുടരുമെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. ആലപ്പുഴ, കോട്ടയം, ഇടുക്കി ജില്ലകളിലും ലക്ഷദ്വീപിലും ഇന്ന് മഞ്ഞ ജാഗ്രതയാണ്. കോട്ടയം, ഇടുക്കി, മലപ്പുറം, കോഴിക്കോട് എന്നിവിടങ്ങളിൽ നാളെ മഞ്ഞ ജാഗ്രത നൽകിയിട്ടുണ്ട്.

**ഗവേഷക- പേറ്റൻറ് (ഇൻട്രോ)**

അഫ്ലാട്ടോക്സിൻ കണ്ടെത്തുന്ന നാനോ സാങ്കേതികവിദ്യക്ക് മലയാളി ഗവേഷകയ്ക്ക് പേറ്റന്റ്. ഭക്ഷ്യവസ്തുക്കളിലെ മാരകമായ അഫ്ലാടോക്സിൻ കണ്ടെത്തുന്നതിനുള്ള നൂതന രീതി അങ്കമാലി മഞ്ഞപ്ര സ്വദേശിനിയും ബിറ്റ്സ് പിലാനി ഗോവ ക്യാമ്പസിലെ പി.എച്ച്.ഡി ഗവേഷകയുമായ ലക്ഷ്മിയാണ് വികസിപ്പിച്ചത് .

***ആകാശവാണി തിരുവനന്തപുരം ജില്ലാ പ്രതിനിധി രെജു കോലിയക്കോട് തയ്യാറാക്കിയ റിപ്പോർട്ട്.....***

***(വോയിസ്)***

PNU TVPM

**അന്തരിച്ചു**

ഇന്ത്യൻ ഇൻഫർമേഷൻ സർവ്വീസിൽ നിന്നും വിരമിച്ച കണ്ണൂർ ഇരിട്ടി സ്വദേശി കെ. എസ് ജോസഫ് അന്തരിച്ചു.

83 വയസായിരുന്നു. കൊച്ചി പി.ഐ.ബി, കണ്ണൂർ ഫീൽഡ് പബ്ലിസിറ്റി, ഡൽഹി സൈനിക് സമാചാർ എന്നിവിടങ്ങളിൽ സേവനം അനുഷ്ഠിച്ചിട്ടുണ്ട്.

**ഓഹരി + സ്വർണം**

രാജ്യത്തെ ഓഹരി വിപണികൾ നേട്ടത്തിൽ. സെൻസെക്സ് 163 പോയിന്റ് ഉയർന്ന് 74,485 ലും നിഫ്റ്റി 47 പോയിന്റ് ഉയർന്ന് 23,322ലും വ്യാപാരം പുരോഗമിക്കുന്നു.

സ്വർണ വില വർധിച്ചു. പവന് 1,160 രൂപ കൂടി ഒരു ലക്ഷത്തി 13,240 രൂപയും ഗ്രാമിന് 14,155 രൂപയുമാണ് ഇന്നത്തെ വില.

❁❁❁❁❁❁❁❁❁❁❁❁❁

## ക്രിക്കറ്റ്

അഫ്ഗാനിസ്ഥാനെതിരായ മൂന്നാം ട്വന്റി 20 ക്രിക്കറ്റിൽ ഇന്ത്യക്ക് 127 റൺസിന്റെ കൂറ്റൻ ജയം. ഇന്ത്യ ഉയർത്തിയ 222 റൺ വിജയലക്ഷ്യം പിന്തുടർന്ന അഫ്ഗാനിസ്ഥാൻ 94ന് ഓൾഔട്ടായി. ഇതോടെ മൂന്ന് മത്സരങ്ങളടങ്ങിയ പരമ്പര ഇന്ത്യ ഏകപക്ഷീയമായി സ്വന്തമാക്കി. പരമ്പരയിലെ ആദ്യ രണ്ട് മത്സരങ്ങളിലും ഇന്ത്യക്കായിരുന്നു ജയം.

RNU TVPM

❁❁❁❁❁❁❁❁❁❁❁❁❁

## പാസ്പോർട്ട് നിയമ ഭേദഗതി

1980 ലെ പാസ്പോർട്ട് നിയമങ്ങൾ ഭേദഗതി ചെയ്ത് കേന്ദ്ര വിദേശകാര്യ മന്ത്രാലയം വിജ്ഞാപനം പുറപ്പെടുവിച്ചു. പാസ്പോർട്ട് ഭേദഗതി നിയമം 2026 പ്രകാരം 15 വയസ്സിന് താഴെയുള്ള കുട്ടികൾക്ക് അനുവദിക്കുന്ന 36 പേജുള്ള സാധാരണ പാസ്പോർട്ടിന് അഞ്ച് വർഷത്തേക്കോ

കുട്ടിക്ക് 18 വയസ്സ് തികയുന്നതുവരെയോ കാലാവധി ഉണ്ടായിരിക്കും.

## യുജിസി -നെറ്റ്

UGC-NET പരീക്ഷയുടെ അന്തിമ ഉത്തരസൂചിക നാഷണൽ ടെസ്റ്റിംഗ് ഏജൻസി പുറത്തിറക്കി. ഇംഗ്ലീഷ്, കൊമേഴ്സ്, സോഷ്യോളജി എന്നീ വിഷയങ്ങളിലെ അന്തിമ ഉത്തരസൂചികയാണ് പ്രസിദ്ധീകരിച്ചത്. ugcnet.nta.nic.in എന്ന വെബ്സൈറ്റിൽ ഉത്തരസൂചിക ലഭ്യമാണ്. ഈ മാസം 9, 10 തീയതികളിൽ രാജ്യത്തെ 454 കേന്ദ്രങ്ങളിലാണ് പരീക്ഷ നടത്തിയത്.

## സ്പിക് മകേ

സൊസൈറ്റി ഫോർ ദ പ്രൊമോഷൻ ഓഫ് ഇന്ത്യൻ ക്ലാസിക്കൽ മ്യൂസിക് ആൻഡ് കൾച്ചർ എമംഗ്സ്റ്റ് യൂത്ത് - സ്പിക് മകേ - NIT കാലിക്കറ്റുമായി സഹകരിച്ച് സംഘടിപ്പിക്കുന്ന മൂന്ന് ദിവസത്തെ കൺവെൻഷന് ഇന്ന് തുടക്കമാകും. 'സമന്വയം' എന്ന പരിപാടിയിൽ പ്രശസ്ത കലാകാരന്മാരുടെ പ്രകടനങ്ങൾ അരങ്ങേറും. രാജ്യത്തിൻറെ ശാസ്ത്രീയവും പരമ്പരാഗതവുമായ കലകളുടെ മികച്ച അനുഭവം

RNUTVPM

വിദ്യാർത്ഥികൾക്കും അധ്യാപകർക്കും കലാസ്വാദകർക്കും നൽകുന്ന പരിപാടിയാണ് ഇത്.

RNU TVPM